പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *334 26.06.2012 ൽ മറുപടിയ്ക്ക്

പ്രകൃതി വാതക വൈദ്യുതി പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.എളമരം കരീം<br>ശ്രീ.ഡോ.കെ.ടി.ജലീൽ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) പ്രകൃതി വാതകം ഉപയോഗിച്ചുള്ള വൈദ്യുതി പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് 2015-16 വരെ കേന്ദ്ര ഊർജ്ജ മന്ത്രാലയം നിരോധിച്ചതായുള്ള എന്തെങ്കിലും വിവരം ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) പ്രകൃതി വാതകം ഉപയോഗിച്ചുള്ള വൈദ്യുത പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് 2015-16 വരെ കേന്ദ്ര ഊർജ്ജ മന്ത്രാലയം നിരോധിച്ചതായി വിവരം ലഭിച്ചിട്ടില്ല. എന്നാൽ ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ലഭ്യത 2015-16 വരെ അധികമായി ഉണ്ടാകാൻ സാധ്യതയില്ലാത്തതിനാൽ ആഭ്യന്തര പ്രകൃതി വാതകത്തെ അടിസ്ഥാനമാക്കി പദ്ധതികൾ 2015-16 വരെ ആസൂത്രണം ചെയ്യേണ്ടതില്ലെന്ന് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി ഉപദേശിച്ചിട്ടുണ്ട്. |

(....2)

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് പുതുതായി പ്രകൃതിവാതകം ഉപയോഗിച്ചുള്ള പദ്ധതികൾ ആരംഭിക്കുന്നതിന് ഇത് എത്രത്തോളം തടസ്സമാകുമെന്ന് സർക്കാരോ വിദ്യുച്ഛക്തി ബോർഡോ പരിശോധിച്ചിട്ടുണ്ടോ; | (ബി) (സി) | സംസ്ഥാനത്ത് പ്രകൃതി വാതകം ഉപയോഗിച്ച് വൈദ്യുതോല്പാദനം തുടങ്ങാൻ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ ആദ്യഘട്ടം 2016-ഓടുകൂടി മാത്രമേ പ്രവർത്തന സജ്ജമാകൂ എന്നിരിക്കേ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ ഉപദേശം മൂലം പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കേണ്ടി വരില്ലെന്ന് സർക്കാർ കരുതുന്നു. കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ പ്രസ്തുത ഉപദേശം എൽ.എൻ.ജി. ഉപയോഗിച്ചുള്ള പദ്ധതികളെ ബാധിക്കില്ലെന്നും കരുതുന്നു. വാതകാധിഷ്ഠിത വൈദ്യുത നിലയങ്ങളൊന്നും ഇല്ലാത്ത സംസ്ഥാനമാകയാൽ, ആഭ്യന്തര പ്രകൃതി വാതകത്തിൽ നിന്നും ന്യായമായ വിഹിതം നമ്മുടെ സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ ലഭ്യമാക്കണമെന്ന നിലപാടാണ് സംസ്ഥാന സർക്കാരിനുള്ളത്. |
| (സി) | നിലവിൽ വിഭാവനം ചെയ്തിട്ടുള്ള കായംകുളം, ചീമേനി, ബ്രഹ്മപുരം എന്നീ പ്രകൃതി വാതക വൈദ്യുതി പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോഴത്തെ നിരോധനം മൂലം നിർത്തിവെയ്ക്കേണ്ടി വരുമോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ